No. ITS/2011/10/1234 (3)

IT @ school

STATE PROJECT OFFICE
**IT @ SCHOOL PROJECT**
*(IT project under directorate of public instruction)*
POOJAPURA P.O
THIRUVANANTHAPURAM-12
**Ph: 0471-2529800 fax: 0471-2529810**
**E-mail : contact@itschool.gov.in**

തീയതി: 10.10.2011

## സർക്കുലർ

**വിഷയം:-** **ഐ.ടി@സ്കൂൾ പ്രോജക്ട് - ഹൈസ്കൂൾ അധ്യാപക അടിസ്ഥാന ഐ.ടി പരിശീലനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- 1. 22.06.2011 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP(3)/39435/2011 നമ്പർ സർക്കുലർ

2. 22.03.2011 ലെ സ.ഉ. (എം.എസ്) 89/2011/പൊ.വി.വ.

വിവരവിനിമയ സാങ്കേതികവിദ്യയുടെ (ഐസിടി) ഉപയോഗം വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങളാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. പഠനബോധന പ്രക്രിയയിൽ ഇത് ശരിയായ രീതിയിൽ പ്രാവർത്തികമാക്കുന്നതിന് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളേയും വിവരവിനിമയ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കേണ്ടതുണ്ട്. പുതുതായി നിയമനം ലഭിച്ച അധ്യാപകർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഐ.ടി പരിശീലനം നേടിയിരിക്കണമെന്ന് സൂചന (2)ലെ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്നു. ഐ.ടി@സ്കൂൾ പ്രോജക്ട് ആരംഭിച്ച കാലംമുതൽ ഹൈസ്കൂൾ അധ്യാപകർക്ക് അടിസ്ഥാന ഐ.ടി പരിശീലനം നൽകിവരുന്നുണ്ട് എന്നാൽ ഇപ്പോഴും അടിസ്ഥാന ഐ.ടി പരിശീലനം ലഭിക്കാത്ത ഹൈസ്കൂൾ അധ്യാപകർ ഉണ്ടെന്ന് പ്രോജക്ട് കണ്ടെത്തിയിരിക്കുന്നു. ടി അധ്യാപകർക്ക് പരിശീലനം നൽകണമെന്ന് എല്ലാ ജില്ലകളിൽനിന്നും ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ ഇതുവരെ പരിശീലനം ലഭിക്കാത്ത മുഴുവൻ ഹൈസ്കൂൾ അധ്യാപകർക്കും അടിസ്ഥാന ഐ.ടി പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ ജില്ലാതലത്തിൽ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. അധ്യാപക പരിശീലനം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും അടിസ്ഥാന ഐടി ശേഷി നേടേണ്ടതാണ്. അതിനാൽ അടിസ്ഥാന ഐടി പരിശീലനം ലഭിക്കാത്ത അദ്ധ്യാപകർക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് വിദ്യാഭ്യാസ ജില്ലാതലത്തിൽ 2011 ഒക്ടോബർ മുതൽ അഞ്ചുദിവസത്തെ അടിസ്ഥാന ഐ.ടി പരിശീലനം നൽകുന്നതാണ്. നിലവിൽ പരിശീലനം ലഭിച്ചിട്ടില്ലാത്ത അധ്യാപകർക്ക് ഈ കാലയളവിൽ പരിശീലനം ലഭിച്ചു എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തണം.

2. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 100 രൂപയും പരിശീലകർക്ക് 125 രൂപയും ഓണറേറിയം നൽകുന്നതാണ്.

3. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം 200 രൂപ നിരക്കിൽ വൈദ്യുതി ചാർജ് നൽകുന്നതാണ്. ഈ തുക സ്കൂൾ ഐടി അഡ്വൈസറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ക്രോസ് ചെയ്ത ചെക്ക്/ഡിഡി മുഖേന ഡി.ആർ.സി. അക്കൗണ്ടിൽനിന്ന് നൽകേണ്ടതാണ്.

4. സ്കൂളിലെ ഐസിടി അധിഷ്ഠിത പഠനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗസ്റ്റ് അധ്യാപകരേയും അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ അധ്യാപകരെയും മറ്റ് താത്കാലിക അധ്യാപകരേയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഈ അധ്യാപകർക്ക് റെമ്യൂണറേഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും നൽകേണ്ടതില്ല.

5. ജില്ലാ കോർഡിനേറ്റർമാർ പ്രോജക്ടിൽ സമർപ്പിച്ച ലിസ്റ്റ് അനുസരിച്ചുള്ള അധ്യാപകർക്ക് മാത്രമാണ് ഈ പരിശീലനം നൽകേണ്ടത്. ലിസ്റ്റിനുള്ള അംഗീകാരം ഇ-മെയിൽ മുഖേന ലഭിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*
ഫിനാൻസ് ഓഫീസർ/അക്കാഡമിക് വിഭാഗം/സ്റ്റോക്ക് ഫയൽ